**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 527** **09-11-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ. അബ്ദുൽ ഹമീദ് പി** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ ഗണ്യമായ പങ്കുവഹിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. പൊതു സമൂഹവുമായി താരതമ്യം ചെയ്യുമ്പോൾ പൊതു വിഭാഗത്തിന്റെ വാർഷിക പ്രതിശീർഷ വരുമാനത്തിന്റെ പകുതിയിൽ താഴെ മാത്രമാണ് മത്സ്യത്തൊഴിലാളികളുടെ ആളോഹരി പ്രതിശീർഷ വരുമാനം. 2015-16 വർഷം പൊതുവിഭാഗത്തിന്റേത് 1,64,554/ രൂപയും മത്സ്യത്തൊഴിലാളിയുടേത് 81,494/- രൂപയും ആണ്. വിവിധ മേഖലകളിൽ പ്രത്യേകിച്ച് മത്സ്യ വിഭവ സംരക്ഷണത്തിനും, വിഭവ മാനേജ്മെന്റിനും പൊതു മേഖലാ സംവിധാനം വഴി വായ്പകൾ യഥാ സമയം അനുവദിച്ച് ധന മാനേജ്മെന്റിൽ ബോധവൽക്കരണം നടത്തിയും മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കു ന്നതിന് കഴിഞ്ഞ വർഷങ്ങളിൽ കഴിഞ്ഞിട്ടുണ്ട്. തൽഫലമായി മത്സ്യ ത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാ നത്തിൽ നേരിയ തോതിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നിലവിൽ (2019-20 ലെ ത്വരിത പരിശോധനാ കണക്കു പ്രകാരം) പൊതുവിഭാഗത്തിന്റെ ആളോഹരി പ്രതിശീർഷ വരുമാനം 2,45,323/- രൂപയും മത്സ്യത്തൊഴിലാളികളുടേത് 1,19,330/- രൂപയും ആണ്. മത്സ്യ ത്തൊഴിലാളി സമൂഹത്തെയും വിശിഷ്യാ മത്സ്യത്തൊഴിലാളികളെയും സാമൂഹി കമായും സാമ്പത്തികമായും ഉയർത്തി ക്കൊണ്ട് വരുന്നതിന് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. സമ്പാദ്യ സമാശ്വാസ പദ്ധതി 2. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ 3. വിദ്യാഭ്യാസ സഹായ പദ്ധതികൾ 4. മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി 5.സുരക്ഷിത മത്സ്യബന്ധനം |

| | | | |
|---|---|---|---|
| | | | ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി. 6. പരമ്പരാഗത മത്സ്യത്തൊഴി ലാളികൾക്ക് 75% സബ്സിഡിയോടുകൂടി ഇൻസുലേറ്റഡ് ബോക്സ് നൽകുന്ന പദ്ധതി. 7.പരമ്പരാഗത മത്സ്യത്തൊഴിലാ ളികൾക്ക് സുരക്ഷിത മത്സ്യ ബന്ധനം ഉറപ്പാക്കുന്നതിന് എഫ്.ആർ.പി ബോട്ട്, ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ എന്നിവ നൽകുന്ന പദ്ധതി. 8.സമുദ്ര പദ്ധതി (മത്സ്യത്തൊഴി ലാളി വനിതകൾക്ക് ബസ് സർവ്വീസ്) 9.മത്സ്യത്തൊഴിലാളികൾക്ക് തുടർ ചികിത്സാ ധനസഹായം നൽകുന്ന തിനായി തീരോന്നതി പദ്ധതി. 10.ഓഖി പുനരധിവാസ പദ്ധതികൾ. 11.മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സി ഡന്റ് ഇൻഷുറൻസ് പദ്ധതി. 12. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ 13. മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ 14.മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി. 15. മത്സ്യത്തൊഴിലാളി പെൻഷൻ 16. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യകൂട് കൃഷി പദ്ധതികൾ |
| (ബി) | മത്സ്യത്തൊഴിലാളികളുടെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിൽ പുരോഗതി ഉണ്ടാക്കുന്നതിനായി സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ബി) | ഉണ്ട്. പൊതു സമൂഹവുമായി താരതമ്യം ചെയ്യുമ്പോൾ പൊതു വിഭാഗത്തിന്റെ വാർഷിക പ്രതിശീർഷ വരുമാനത്തിന്റെ പകുതിയിൽ താഴെ മാത്രമാണ് മത്സ്യത്തൊഴിലാളികളുടെ ആളോഹരി പ്രതിശീർഷ വരുമാനം. 2015-16 വർഷം പൊതുവിഭാഗത്തിന്റേത് 1,64,554/ രൂപയും മത്സ്യത്തൊഴിലാളിയുടേത് 81,494/- രൂപയും ആണ്. വിവിധ മേഖലകളിൽ പ്രത്യേകിച്ച് മത്സ്യ വിഭവ സംരക്ഷണത്തിനും, വിഭവ മാനേജ്മെന്റിനും പൊതു മേഖലാ സംവിധാനം വഴി വായ്പകൾ യഥാ സമയം അനുവദിച്ച ധന മാനേജ്മെന്റിൽ ബോധവൽക്കരണം നടത്തിയും മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കു ന്നതിന് കഴിഞ്ഞ വർഷങ്ങളിൽ കഴിഞ്ഞിട്ടുണ്ട്. തൽഫലമായി മത്സ്യ ത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാ നത്തിൽ നേരിയ തോതിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നിലവിൽ (2019-20 ലെ ത്വരിത പരിശോധനാ കണക്കു പ്രകാരം) പൊതുവിഭാഗത്തിന്റെ ആളോഹരി പ്രതിശീർഷ വരുമാനം 2,45,323/- രൂപയും മത്സ്യത്തൊഴിലാളികളുടേത് 1,19,330/- രൂപയും ആണ്. മത്സ്യ ത്തൊഴിലാളി സമൂഹത്തെയും വിശിഷ്യാ മത്സ്യത്തൊഴിലാളികളെയും സാമൂഹി കമായും സാമ്പത്തികമായും ഉയർത്തി ക്കൊണ്ട് വരുന്നതിന് ഫിഷറീസ് വകുപ്പും അനുബന്ധ |

| | | | | |
|---|---|---|---|---|
| | | | | ഏജൻസികളും നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. സമ്പാദ്യ സമാശ്വാസ പദ്ധതി 2. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ 3. വിദ്യാഭ്യാസ സഹായ പദ്ധതികൾ 4. മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി 5.സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി. 6. പരമ്പരാഗത മത്സ്യത്തൊഴി ലാളികൾക്ക് 75% സബ്സിഡിയോടുകൂടി ഇൻസുലേറ്റഡ് ബോക്സ് നൽകുന്ന പദ്ധതി. 7.പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത മത്സ്യ ബന്ധനം ഉറപ്പാക്കുന്നതിന് എഫ്.ആർ.പി ബോട്ട്, ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ എന്നിവ നൽകുന്ന പദ്ധതി. 8.സമുദ്ര പദ്ധതി (മത്സ്യത്തൊഴി ലാളി വനിതകൾക്ക് ബസ് സർവ്വീസ്) 9.മത്സ്യത്തൊഴിലാളികൾക്ക് തുടർ ചികിത്സാ ധനസഹായം നൽകുന്ന തിനായി തീരോന്നതി പദ്ധതി. 10.ഓഖി പുനരധിവാസ പദ്ധതികൾ. 11.മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സി ഡന്റ് ഇൻഷ്വറൻസ് പദ്ധതി. 12. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ 13. മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ 14.മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി. 15. മത്സ്യത്തൊഴിലാളി പെൻഷൻ 16. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യകൂട് കൃഷി പദ്ധതികൾ |

സെക്ഷൻ ഓഫീസർ